പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2418

18/06/2014-ൽ മറുപടിയ്ക്കു്

**ഗുരുവായൂർ ക്ഷേത്ര ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ ഭക്തരെ മർദ്ദിച്ച സംഭവത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയത്; | എ) അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ ശ്രീ. ഉണ്ണികൃഷ്ണപിള്ള, ക്ഷേത്രം വാച്ച്മാൻ ശ്രീ. രാധാകൃഷ്ണൻ, ക്ഷേത്രം അസിസ്റ്റൻറ് മാനേജർ ശ്രീ. കെ.ആർ. സുനിൽകുമാർ, ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററായിരുന്ന ശ്രീ. ടി. വിജയൻ നമ്പ്യാർ. |
| ബി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) ഗുരുവായൂർ ക്ഷേത്രത്തിൽ 23/2/2014 –ന് ദർശനത്തിന് എത്തിയ ഭക്തയെയും മകനെയും ദേവസ്വം ജീവനക്കാരും സെക്യൂരിറ്റിക്കാരും മർദ്ദിച്ചതുമായി ബന്ധപ്പെട്ട് സി.സി.റ്റി.വി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരനായ അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ ശ്രീ. ഉണ്ണികൃഷ്ണപിള്ളയെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ക്ഷേത്രം വാച്ച്മാൻ ശ്രീ. രാധാകൃഷ്ണനെ സസ്പെൻറ് ചെയ്യുകയും ക്ഷേത്രം അസിസ്റ്റൻറ് മാനേജർ ശ്രീ. കെ.ആർ. സുനിൽകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററായിരുന്ന ശ്രീ. ടി. വിജയൻ നമ്പ്യാർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അദ്ദേഹത്തിൽ നിന്നും വിശദീകരണം വാങ്ങുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഗുരുവായൂർ ക്ഷേത്ര ദർശനത്തിനെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ദർശനത്തിനായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) | ഗുരുവായൂർ ക്ഷേത്രത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ദർശനത്തിനായി പ്രത്യേക ക്യൂ സംവിധാനം നിലവിൽ ക്ഷേത്രത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| ഡി) | ക്ഷേത്ര ദർശനത്തിന് എത്തുന്ന ഭക്തരോട് അപമര്യാദയായി പെരുമാറുന്നത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | ഡി) | ദർശനത്തിനെത്തുന്ന ഭക്തജനങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരും തമ്മിൽ ഉണ്ടാകുന്ന തെറ്റിദ്ധാരണ മൂലമാണ് കൂടുതലായും അനിഷ്ഠ സംഭവങ്ങൾ ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരോടും ദർശനത്തിനു വരുന്ന ഭക്തരിൽ നിന്നും എത്രതന്നെ പ്രകോപനമുണ്ടായാലും പരാതിക്കിടവരാതെ അർപ്പിതമായ കർത്തവ്യം നിർവ്വഹിക്കണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ